38 (38) വിദേശ പരിശീലനം ലഭിച്ച സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ പരിശീലനം ലഭിച്ച എത്ര ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ ഇപ്പോൾ സംസ്ഥാന സർവ്വീസിലുണ്ട്;

(ബി) ഇവരിൽ എത്രപേരെ അവർക്കു ലഭിച്ച പരിശീലനം പ്രാവർത്തികമാക്കാൻ പറ്റിയ മേഖലകളിൽ നിയമിച്ചിട്ടുണ്ട്;

(സി) ഇവരെക്കൊണ്ട് ഭരണ നിർവ്വഹണ രംഗത്തുണ്ടായ നേട്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അത്തരം ഒരു നടപടിയുടെ തുടക്കം കുറിക്കുമോ?

ഉത്തരം

(എ)മുതൽ(ഡി)വരെ വിവരം ശേഖരിച്ചുവരുന്നു.

39 (39) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം.

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കാര്യത്തിൽ മിക്കവാറും എല്ലാ സർവ്വീസ് സംഘടനകളും അതൃപ്തരാണെന്ന വസ്തുത ഗവൺമെന്റിന് അറിവുണ്ടോ;

(ബി) പല സംഘടനകളും സമരപാതയിലാണെന്ന വസ്തുത ഗവൺമെന്റ് പരിഗണിച്ചിട്ടുണ്ടോ;

(സി) പൂർണ്ണമായ കേന്ദ്രപാരിറ്റി എന്ന ജീവനക്കാരുടെ ഡിമാന്റിനെക്കുറിച്ച് ഗവൺമെന്റിന്റെ അഭിപ്രായം എന്ത്;

(ഡി) കേന്ദ്ര പാരിറ്റി നടപ്പാക്കിയ സംസ്ഥാനങ്ങൾ കേന്ദ്രത്തിൽ നിന്നും സഹായം ആവശ്യപ്പെട്ടതായ വിവരം അറിവുണ്ടോ;

(ഇ) ഇത് സംബന്ധിച്ച് ചർച്ച ചെയ്യാൻ കേന്ദ്രം സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല. പരിഷ്കരിച്ച സ്കെയിലിൽ ഓപ്ഷൻ നൽകി മിക്കവാറും എല്ലാ ജീവനക്കാരും ശമ്പള പരിഷ്കരണത്തിന്റെ ഗുണങ്ങൾ അനുഭവിച്ച് കഴിഞ്ഞു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 5 വർഷത്തിൽ ഒരിക്കൽ ശമ്പള പരിഷ്കരണം നടക്കുന്ന രീതി തുടരുന്ന കേരള സംസ്ഥാനത്തിലേയും 10 വർഷത്തിൽ ഒരിക്കൽമാത്രം ശമ്പള പരിഷ്കരണം നടത്തുന്ന കേന്ദ്രത്തിലേയും രീതികളെ സമരസപ്പെടുത്തുന്ന ഒരു പ്രക്രിയയാണ് ശമ്പള പരിഷ്കരണത്തിലൂടെ സർക്കാർ വിഭാവനം ചെയ്യുന്നത്. കേന്ദ്രത്തിലേതിൽനിന്നും അടിസ്ഥാന വ്യത്യാസങ്ങൾ നിലനിന്നിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന സർക്കാർ ജീവനക്കാരുടെ വേതന വ്യവസ്ഥകളും കേന്ദ്ര ത്തേതിൽനിന്ന് വ്യത്യസ്തമായ സേവനയോഗ്യതാ വ്യവസ്ഥകളും കണക്കി ലെടുത്ത് സംസ്ഥാന ജീവനക്കാരുടെ നിലവിലുള്ള ആനുകൂല്യങ്ങൾ എല്ലാം നിലനിർത്തിയും ശമ്പളം പരിഷ്കരിക്കുമ്പോൾ പൂർണ്ണമായ കേന്ദ്രപാരിറ്റി എന്ന ഡിമാന്റ് എല്ലാ അർത്ഥത്തിലും പ്രായോഗ്യമല്ലെന്നുള്ളത് വ്യക്തമാകുമ ല്ലോ.

(ഡി) ഉണ്ട്.

(ഇ) ഇത് സംബന്ധിച്ച ഒരു സമിതിയിൽപ്പെട്ട ചില സർക്കാരുകളെ ക്ഷണിച്ചിട്ടുണ്ട്. കേരളം അതിൽപ്പെടില്ല.

40 (40) പുതിയ തസ്തികകൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98, 1998-99 വർഷങ്ങളിൽ സർക്കാർ എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ;

(ബി) അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയതിനെത്തുടർന്ന് സെക്രട്ടേറിയറ്റിലും വകുപ്പ് അദ്ധ്യക്ഷന്മാരുടെ ഓഫീസുകളിലും ജില്ലാ തല ങ്ങളിലും ഏതെങ്കിലും തസ്തികകളുടെ എണ്ണം ചുരുക്കിയിട്ടുണ്ടോ;

(സി) എങ്കിൽ എവിടെയെല്ലാം എന്നും എത്ര വീതമെന്നും വ്യക്തമാ ക്കുമോ;

(ഡി) ഇതിന്റെ ഫലമായി അധികമായി വന്ന തസ്തികകളും അത് വഹിച്ചിരുന്ന ഉദ്യോഗസ്ഥന്മാരേയും എങ്ങോട്ടാണ് വിന്യസിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)മുതൽ (ഡി)വരെ വിവരം ശേഖരിച്ചുവരുന്നു

41 (41) വിജിലൻസ് സെല്ലുകളുടെ പ്രവർത്തനം

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി നിർമ്മാർജ്ജനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള വകുപ്പുതല വിജിലൻസ് സെല്ലുകളുടെ പ്രവർത്തനം ഫല പ്രദമാണോ;

(ബി) ഉദ്യോഗസ്ഥന്മാരുടെ കാര്യക്ഷമതയും ഹാജരും ഉറപ്പാക്കുന്നതി ലേക്ക് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കു ന്നത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈക്കൂലിക്കും അഴിമതിക്കും എതിരെ എത്ര ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി എടുത്തിട്ടു ണ്ടെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly